**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 493**

**29.06.2015 ലെ മറുപടിക്ക്**

<u>നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് പദ്ധതി</u>

| ചോദ്യം.<br>ശ്രീ.എം.എ. ബേബി. | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ) |
|---|---|---|
| (എ) | നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് പദ്ധതി ആരംഭിച്ചത് എന്നാണ്; പദ്ധതി വിഭാവനം ചെയ്തതനുസരിച്ച് 2015-16 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 140 മണ്ഡലങ്ങളിലായി എത്ര കോടി രൂപയുടെ പദ്ധതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്; | 2012-13 വർഷത്തിൽ സർക്കാർ ഉത്തരവ് (പി)നമ്പർ 332/12/ധന തീയതി 11.06.2012 പ്രകാരമാണ് നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. ടി പദ്ധതി പ്രകാരം ഒരു എം.എൽ.എ യ്ക്ക് 5 കോടി രൂപ എന്ന കണക്കിൽ മൊത്തം 705 കോടി രൂപയാണ് പ്രതിവർഷം ബജറ്റിൽ വകയിരുത്തുന്നത്. ടി തുകയിൽ പരിമിതപ്പെടുത്തി പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനുള്ള അധികാരം എം.എൽ.എ മാരിൽ നിക്ഷിപ്തമാണ്. |
| (ബി) | നാളിതുവരെ പദ്ധതി പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്ര; | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ആസ്തി വികസന ഫണ്ട് പദ്ധതി അനുസരിച്ച് സാമാജികന്മാർ, നാളിതുവരെ നിർദ്ദേശിച്ച മൊത്തം പ്രവൃത്തികൾ എത്ര; സർക്കാർ ഭരണാനുമതി നൽകിയ പ്രവൃത്തികൾ എത്ര; മൊത്തം എത്ര കോടി രൂപയുടെ ഭരണാനുമതി നൽകി; ഇതിൻപ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്ര; വിശദ വിവരം വെളിപ്പെടുത്തുമോ; | |
| (ഡി) | ഭരണാനുമതിക്കായി എത്ര നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലിരിക്കുന്നു; അതിൽ 2015 മാർച്ച് 31 വരെയുള്ള നിർദ്ദേശങ്ങൾ എത്രയായിരുന്നു? | |

**അക്കൗണ്ട്സ് ഓഫീസർ**